പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 8043

24.07.2012-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.എഫ്. തോമസ്<br>,, റ്റി.യു.കുരുവിള | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഗുണനിലവാരമുള്ള സാധനങ്ങളും മരുന്നും ലഭ്യമാക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) നിലവിലുള്ള സഹകരണ മേഖലയിലെ നീതി മെഡിക്കൽ സ്റ്റോറുകൾ, കൺസ്യൂമർ ഫെഡ്, ത്രിവേണി തുടങ്ങിയവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധനങ്ങളുടെ ഗുണനിലവാരം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുക, ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ആവശ്യമായ അളവിലും, മിതമായ നിരക്കിലും യൂണിറ്റുകളിലൂടെ ലഭ്യമാക്കുക, ത്രിവേണി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുക, സാധനങ്ങൾ ത്രിവേണി സ്റ്റോറുകളിൽ എത്തിച്ചു കൊടുക്കുന്നതിന് കൂടുതൽ ത്രിവേണി ഗോഡൗണുകളും, ഫീഡിംഗ് ഗോഡൗണുകളും ആരംഭിക്കുക, സംഘങ്ങളുമായി മേഖലാതലത്തിലുള്ള ഓപ്പൺ ഫോറങ്ങൾ നടത്തി അവരുമായുള്ള ബന്ധം മെച്ചപ്പെടുത്തുക, പ്രാദേശികമായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ലാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി |

നിയന്ത്രണ വിധേയമായ ലോക്കൽ
പർച്ചേസ് ഏർപ്പെടുത്തുക,
സെൻട്രലൈസ്ഡ് പർച്ചേസ്
കാര്യക്ഷമമാക്കുക, സ്റ്റോറുകളിലെ
ഇൻസ്പെക്ഷൻ കാര്യക്ഷമമാക്കുക
തുടങ്ങിയ നടപടികൾ
സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ